**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1290** **30-08-2022 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മൂവാറ്റുപുഴ നദീതീരത്ത് തമ്മാനിമറ്റം ഭാഗത്ത് ചിൽഡ്രൻസ് പാർക്ക്, ആംഫി തിയേറ്റർ വിത്ത് വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനും നദീതീര സൗന്ദര്യവൽക്കരണത്തിനും വാട്ടർ സ്പോർട്സ് സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **പദ്ധതി നിർദേശം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേഖലയിലെ വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (ബി) | തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | **വെള്ളപ്പൊക്ക സാധ്യതയെക്കുറിച്ച് ജലവിഭവ/തദ്ദേശ സ്വയംഭരണ സിവിൽ എൻജിനീയറിങ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കാനുള്ള നടപടികൾ ഊർജിതമാക്കാൻ എറണാകുളം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു നിർദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ